# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 10, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**വേമ്പനാട് കായൽസംരക്ഷണം**

*211 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ദെലീമ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വേമ്പനാട് കായൽസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കായലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വേമ്പനാട് കായൽ ഇക്കോസിസ്റ്റം സംബന്ധിച്ച് കുഫോസിന്റെ പഠന റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**വന്യമൃഗ ആക്രമണത്തിലെ ഹൈക്കോടതി നിരീക്ഷണം**

*212 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം മൂലം മലയോരനിവാസികൾ മരണ ഭീതിയിൽ ജീവിക്കേണ്ടി വരുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന

ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആറളം ഫാമിൽ ദമ്പതികളെ ആന ചവിട്ടിക്കൊന്നതടക്കമുള്ള നിരവധി സംഭവങ്ങൾ ജനങ്ങളിൽ ഉളവാക്കിയിട്ടുള്ള ആശങ്ക ഗൗരവമായി കാണുന്നുവോയെന്ന് അറിയിക്കുമോ;

(സി) ഹൈക്കോടതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വായ്പാ നിബന്ധനകൾ</u>**

*213 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും വിശദമാക്കാമോ;

(സി) പ്രസ്തുത വായ്പകൾക്ക് നിബന്ധനയായി സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്യാരന്റി ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേൽപ്പറഞ്ഞ നിബന്ധനമൂലം പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങൾക്ക് വായ്പകൾ അപ്രാപ്യമാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സമഗ്ര കർമ്മ പദ്ധതി</u>**

*214 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി</u>**

*215 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര രൂപയാണ് ഭവന പദ്ധതി വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന തുക കുറവായതുമൂലം നിരവധി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ പ്രസ്തുത പദ്ധതിയിൻകീഴിൽ അനുവദിക്കുന്ന തുക ഭൂരഹിതർക്ക് 15 ലക്ഷവും ഭവനരഹിതർക്ക് 10 ലക്ഷവും ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഒയാസിസ് കമ്പനിക്ക് ജലം നൽകാനുള്ള തീരുമാനം

*216 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കിൻഫ്ര ജല വിതരണ പദ്ധതിയിൽ നിന്നും ഒയാസിസ് കമ്പനിക്ക് ജലം നൽകാൻ പാലക്കാട് ജല അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനീയർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2011-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015-ൽ ഇറക്കിയ സർക്കാർ ഉത്തരവിന് വിരുദ്ധമായി കിൻഫ്ര ജലവിതരണ പദ്ധതിയിൽനിന്നും മദ്യ കമ്പനിക്ക് ജലം നൽകാനുള്ള സൂപ്രണ്ടിംഗ് എൻജിനീയറുടെ തീരുമാനം നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

## പട്ടിക വർഗ വികസനത്തിനായുള്ള പദ്ധതികൾ

*217 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പട്ടികവർഗ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ നിയമവൈദഗ്ദ്ധ്യം പരിപോഷിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹിക ഉൾച്ചേർക്കലിനും എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഗർഭിണികൾക്കുള്ള ആനുകൂല്യങ്ങൾ

*218 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ഗർഭിണികളായ സ്ത്രീകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസവം കഴിഞ്ഞ് എത്ര മാസംവരെ ഈ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആദിവാസി മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഡാം ഡീസിൽറ്റേഷൻ പ്രോജക്ട്

*219 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളിൽ ഡാം ഡീസിൽറ്റേഷൻ പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഡാമുകളിലാണ് ഡീസിൽറ്റേഷൻ നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓരോ ഡാമിൽ നിന്നും എത്ര ദശലക്ഷം ഘനമീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി ആഗോള ടെൻഡർ ക്ഷണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) വെള്ളത്തിന്റെ ഗുണനിലവാരം, പരിസ്ഥിതി എന്നിവയെ ഡാം ഡീസിൽറ്റേഷൻ ദോഷകരമായി ബാധിക്കാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ

*220 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ചോലവനങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ തുടങ്ങിയ ദുർബലവും സവിശേഷവുമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉല്പന്നങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാനമെത്രയെന്ന് വ്യക്തമാക്കാമോ;

(സി) വനമേഖലയിൽ തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**സംയോജിത ജലവിഭവ മാനേജ്മെന്റ് സംവിധാനം**

*221 **ശ്രീ എം മുകേഷ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി ജോയി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജനസാന്ദ്രത കണക്കിലെടുത്ത് ജല മാനേജ്മെന്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംയോജിത ജലവിഭവ മാനേജ്മെന്റ് സംവിധാനം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ശുദ്ധജലത്തിന്റെ മൂല്യത്തെക്കുറിച്ചും ശുദ്ധജലസമ്പത്ത് വിവേകപൂർവ്വമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും ജനങ്ങൾക്ക് അവബോധം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസനത്തിനുമുള്ള പദ്ധതികൾ**

*222 **ശ്രീ. പി. മമ്മിക്കുട്ടി**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസനത്തിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വേണ്ടി കാര്യക്ഷമമായ ഡാറ്റാ മാനേജ്മെന്റ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും കാരണം ജലവിഭവങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങൾ സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) തീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ഫലമായി ഭാവിയിൽ സംസ്ഥാനം നേരിടുവാനിടയുള്ള പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ ഘടക പദ്ധതികളുടെ തുക ഉയർത്താൻ നടപടി**

*223 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പദ്ധതി അടങ്കലിൽനിന്ന് ജനസംഖ്യാനുപാതികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഘടക പദ്ധതിക്ക് നിശ്ചിത വിഹിതം അനുവദിച്ചിട്ടുണ്ടോ; എന്നുമുതലാണ് ഇത് നടപ്പിലാക്കി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) 2022-23, 2023-24, 2024-25 വർഷങ്ങളിൽ പദ്ധതി അടങ്കൽ തുക വർധിപ്പിക്കാത്തത് കാരണം എസ്.സി.പി., ടി.എസ്.പി. ഫണ്ട് വർദ്ധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത സാഹചര്യത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ പദ്ധതി വിഹിതം നീക്കിവയ്ക്കുന്നതിനു പുറമെ എസ്.സി.പി., ടി.എസ്.പി. തുകകളിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

*224 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ എത്ര പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തൊക്കെ പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേന്ദ്രങ്ങൾ വഴി നൈപുണ്യ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) വകുപ്പിനുകീഴിൽ വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## പട്ടികജാതി സമൂഹത്തിന്റെ ഹോം സർവേ

*225 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെയും ഉന്നതികളുടെയും വ്യക്തികളുടെയും സാമൂഹിക, സാമ്പത്തികാവസ്ഥ സംബന്ധിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സമഗ്ര വിവരശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികജാതി സമൂഹത്തിന്റെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക പുരോഗതിക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഹോം സർവേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തുമോ; വിശദമാക്കുമോ;

(സി) ശേഖരിക്കുന്ന ഡാറ്റയുടെ കൃത്യത ഉറപ്പാക്കി സർവേ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഓരോ കുടുംബത്തിന്റെയും പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ പ്രദേശത്തിനും പ്രത്യേകമായും പൊതുവായും വികസനം ലഭ്യമാകുന്ന രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന് ഹോം സർവേയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ജലസ്രോതസ്സുകളിലെ മലിനീകരണം തടയാൻ നടപടി</u>

*226 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം, കൃഷി, മത്സ്യബന്ധനം എന്നിവയ്ക്കായി ആശ്രയിക്കുന്ന ജലസ്രോതസ്സുകളിലെ മലിനീകരണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകളിലെ മലിനീകരണം ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജലസ്രോതസ്സുകൾക്കു സമീപമുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേക്ക് ഒഴുക്കി വിടുന്നില്ലെന്നുറപ്പ് വരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>മത്സ്യബന്ധനമേഖലയിൽ ആധുനിക സാങ്കേതികവിദ്യകൾ</u>

*227 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ മത്സ്യബന്ധന-വിപണന മേഖലകൾ നേരിടുന്ന അതിസങ്കീർണമായ സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാറിയ കാലാവസ്ഥാ സാഹചര്യങ്ങളിൽ മത്സ്യകൃഷി, മത്സ്യബന്ധനം, മത്സ്യവിപണനം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർ നേരിടുന്ന വെല്ലുവിളികൾ പഠനത്തിനും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഉൾക്കടലിൽ നിന്ന് പിടിക്കുന്ന മത്സ്യം കേടുകൂടാതെ വളരെ വേഗത്തിൽ ഹാർബറിൽ എത്തിക്കുന്നതിന് ഡ്രോണുകൾ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) മത്സ്യബന്ധനത്തിനിടെ തൊഴിലാളികൾക്ക് ഉണ്ടാകുന്ന അപകടങ്ങളെ നേരിടുന്നതിനും മുൻകരുതൽ നിർദ്ദേശങ്ങൾ നൽകുന്നതിനും ഡ്രോണുകൾ കാര്യക്ഷമമായി വിന്യസിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഗ്രീൻ/ബ്ലൂ പോർട്ടുകൾ

*228 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരണ പ്രവർത്തനങ്ങൾ നടക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളെ ഗ്രീൻ/ബ്ലൂ പോർട്ടുകൾ ആക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ നീണ്ടകര, ശക്തികുളങ്ങര മത്സ്യബന്ധന തുറമുഖങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യം

*229 **ശ്രീ എം നൗഷാദ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഫിഷറീസ് സ്കൂളുകളെ മാതൃകാ സ്കൂളുകളാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച സെന്റർ ഓഫ് എക്സലൻസ് പദ്ധതി പ്രകാരം ഏതെല്ലാം സ്കൂളുകൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ സ്ഥിരം കൗൺസലർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഡാമുകളുടെ സംഭരണശേഷി</u>**

*230 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം കേന്ദ്രജല കമ്മീഷൻ നടത്തിയ പഠനത്തിൽ കേരളത്തിലെ ഡാമുകളുടെ സംഭരണശേഷി വലിയ രീതിയിൽ കുറഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഡാമുകളിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കാവുന്ന സാമ്പത്തികനേട്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുടിവെള്ളം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വരുംകാല ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ ചെറുകിട അണക്കെട്ടുകളുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി</u>**

*231 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽ കനത്തതോടെ സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായ വിഷയം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലെ കുടിവെള്ള വിതരണ പദ്ധതി ശക്തിപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>ഓഖി ദുരന്തബാധിതർക്കുള്ള ആനുകൂല്യങ്ങൾ</u>**

*232 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണമടഞ്ഞതും, കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കുടുംബാംഗങ്ങളെ സഹായിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ അവസ്ഥയും അറിയിക്കാമോ;

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും കടൽരക്ഷാ പ്രവർത്തനത്തിനുമായി എന്തെല്ലാം ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഓഖി ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് എന്തെല്ലാം തരത്തിലുള്ള നഷ്ടപരിഹാരം ഇതിനോടകം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആറളം ഫാമിലെ ആനയുടെ ആക്രമണം

*233 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ആറളം ഫാമിൽ ദമ്പതികളെ ആന ചവിട്ടിക്കൊന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാമിൽ ആന മതിൽ നിർമ്മാണം എന്നാണ് ആരംഭിച്ചത്; മതിൽ നിർമ്മാണത്തിലെ കാലതാമസം എന്തുകൊണ്ടാണെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

*234 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുവാനും വിപുലീകരിക്കുവാനും വനം വകുപ്പ് മിഷൻ ഫോറസ്ട്രി ക്ലബ് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) വനം സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രകൃതിയുമായി ബന്ധപ്പെടുവാനുള്ള അവസരം നൽകുന്നതിനും വനം വകുപ്പ് സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സാമൂഹിക വനവൽക്കരണവും നഗര വനവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**<u>സ്കൂൾ കലോത്സവത്തിലെ പുതിയ ഗോത്രകലകൾ</u>**

*235 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാ-സാഹിത്യ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷത്തെ സ്കൂൾ കലോത്സവത്തിൽ ഏർപ്പെടുത്തിയ പുതിയ ഗോത്രകലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പ്രസ്തുത ഗോത്രകലകളിൽ എ-ഗ്രേഡ് നേടുന്ന സ്കൂളിന് പ്രത്യേക പുരസ്കാരം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**<u>പെരിയാറിൽ ചത്തുപൊങ്ങിയ മത്സ്യങ്ങളെ സംബന്ധിച്ച പഠനറിപ്പോർട്ട്</u>**

*236 **ശ്രീ. എ. കെ. എം. അഷ്‌റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ ആലുവ പ്രദേശത്ത് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തു പൊങ്ങിയ വിഷയത്തിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യാനിക് സ്റ്റഡീസ് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സർക്കാരിനോ, സർക്കാർ ഏജൻസികൾക്കോ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ കണ്ടെത്തലുകൾ വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കാട്ടുതീ തടയാൻ നടപടി</u>**

*237 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന തീവ്ര വരൾച്ച കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാട്ടുതീ പടർന്നു പിടിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 2024-25-ൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ കാട്ടുതീ മൂലം വനസമ്പത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സേവനം</u>**

*238 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) മുഴുവൻ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>മത്സ്യമേഖലയിലെ സൂക്ഷ്മ തൊഴിൽസംരംഭങ്ങൾ</u>**

*239 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിലെ വനിതകളുടെ വരുമാനം ഉറപ്പിക്കുന്നതിനുവേണ്ടി സാഫ് മുഖേന എത്ര സൂക്ഷ്മ തൊഴിൽസംരംഭങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിൽ സംരംഭങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സംരംഭങ്ങൾ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രവർത്തനമികവ് ഇല്ലാത്ത സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ?

**<u>വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ സഹായം</u>**

*240 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ വിദ്യാർത്ഥികൾക്ക്

സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കാൻ എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സഹായധനം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഉന്നത വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥിനികൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ പ്രത്യേക സഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ: വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 1, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].